ശ്രീ. കെ. എം. മാത്യു: അതു് ചീഫ് മിനിസ്റ്റർ ആയതിനുശേഷമോ, അതിനു മുമ്പോ?

ശ്രീ. സി. കേശവൻ: അതിനുശേഷമാണെന്നാണു് തോന്നുന്നതു്.

ശ്രീ. മന്നാർ ഗോപാലൻനായർ: മാനേജിംഗ് ഡയറക്ടർ ആരാണെന്നറിഞ്ഞതുകൊണ്ടോണോ റിസൈൻ ചെയ്തതു്:

ശ്രീ. സി. കേശവൻ. അന്നു് മാനേജിംഗ് ഡയറക്ടർ ആരാണെന്നു നിശ്ചയിച്ചിട്ടില്ലാത്ത കാലമാണു്

ചങ്ങനാശ്ശേരി—ആലപ്പുഴ റോഡു്

*ക. ച. (ക 6) ശ്രീ. ജോസഫ് മാത്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചങ്ങനാശ്ശേരി–ആലപ്പുഴ റോഡും തോട്ടം വന്ന പദ്ധതിക്കു് പകരം ചങ്ങനാശ്ശേരി–ആലപ്പുഴ റോഡുമാത്രം മതിയെന്നും, ആലപ്പുഴനിന്നും ചങ്ങനാശ്ശേരിക്കു് കായലംവഴി ഇപ്പോൾതന്നെ ഒരു തോട്ടമുള്ള സ്ഥിതിക്കു് ഒരു പുതിയ തോടിന്റെ ആവശ്യമില്ലെന്നും കാണിക്കുന്ന നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെന്തു നടപടി നടത്തി:

(ബി) ചങ്ങനാശ്ശേരി–ആലപ്പുഴ റോഡു് പുളിംകുന്നു്, മങ്കൊമ്പു് മുതലായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങളിൽക്കൂടി കടന്നുപോകത്തക്ക വണ്ണം നടപടി നടത്തണമെന്നപേക്ഷിക്കുന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെന്തു തീരുമാനമെടുത്തു;

(സി) ഈ പദ്ധതിക്കു ഉദ്ദേശം എത്ര ചിലവുവരുമെന്നു് കണക്കാക്കിയിട്ടുണ്ടു്;

(ഡി) ഈ ജോലി തുടങ്ങുന്നതിനു മുമ്പു് ഇതിനു് വേണ്ടിവരുന്നതുകയ്ക്കു് ഫിനാൻസു കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു മുമ്പു് ഈ ജോലി ആരംഭിക്കാൻ വല്ല അത്യാവശ്യവും നേരിട്ടോ;

ധനകാര്യമന്ത്രി (ശ്രീ. കെ. എം കോര):

(എ) നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്. അതിനു് അനുയോജ്യമായ നടപടികളും എടുത്തിട്ടുണ്ടു്.

(ബി) നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്. ഒരു തീരുമാനം എടുക്കുന്നതിനു മുമ്പായിട്ടു് ഈ നിവേദനങ്ങൾ പരിഗണിക്കപ്പെട്ടിട്ടുണ്ടു്.

(സി) നിർദ്ദിഷ്ട പദ്ധതിക്കു് ഏകദേശം 15 ലക്ഷം രൂപ.

(ഡി) ബഡ്ജറ്റിൽ വേമ്പനാടൻ സ്കീമിനു് കൊള്ളിച്ചിട്ടുള്ള തുകയിൽ നിന്നും ഇതിനു വേണ്ടപണം ചിലവാക്കുന്നതാണു്. വേമ്പനാടൻ പദ്ധതിയിൽനിന്നും എടുക്കുവാൻ സ്റ്റാൻറിംഗ് ഫൈനാൻസു് കമ്മിറ്റിയുടെ അനുവദം ലഭിച്ചിട്ടുണ്ടു്. കട്ടനാടൻപദ്ധതി വേമ്പനാടൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടു്. ഈ പണി ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണു് പണി തുടങ്ങുവാൻ അനുവാദം നൽകിയതു്.

ശ്രീ. ജോസഫ് മാത്തൻ: ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങളിൽക്കൂടി കടന്നുപോകത്തക്കവണ്ണം വേണമെന്നുള്ളതാണോ നിവേദനങ്ങളിൽ ആവശ്യപ്പെട്ടിട്ടുള്ളതു്? അതനുസരിച്ചാണോ തീരുമാനിച്ചിട്ടുള്ളതു്?

ശ്രീ. കെ. എം. കോര: അതിനു സമീപത്തുകൂടി കടന്നുപോകണമെന്നുള്ളതാണു് തീരുമാനം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മാത്തൻ: ആറിന്റെ എതുകരയിൽകൂടി പോകണമെന്നാണ്?

ശ്രീ. കെ. എം. കോര: തെക്കെ കരയിൽകൂടി.

ശ്രീ. ജോസഫ് മാത്തൻ: ഈ പദ്ധതിയനുസരിച്ച് പുളിംകുന്ന്–കാവാലം–തെന്ന ദരു പാലം കെട്ടാതെ സാധിക്കുമോ?

ശ്രീ. കെ. എം. കോര: അതും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പതിയുന്നതാണ്

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഈ പുതിയ പദ്ധതിയിൽ എത്ര പാലങ്ങൾ ഉണ്ടായിരിക്കും?

ശ്രീ. കെ എം. കോര: മൂന്ന പാലങ്ങൾ.

ശ്രീ വി. ഒ. മാക്കോസ്: ഈ പദ്ധതി പരസ്യപ്പെടുത്താമോ?

ശ്രീ. കെ. എം. കോര: പരസ്യപ്പെടുത്തുവാൻ വിരോധമില്ല.

ശ്രീ. എ. താണുപിള്ള: കുട്ടനാടൻ പദ്ധതി വേമ്പനാടൻ പദ്ധതിയിൽ ഉൾപ്പെടുത്തിയതു എപ്പോഴാണ്; അതു ബഡ്ജറ്റസെഷനു മുമ്പോ പിമ്പോ?

ശ്രീ. കെ. എം. കോര: ബഡ്ജറ്റസെഷനു ശേഷം.

ശ്രീ. എ. താണുപിള്ള: കുട്ടനാടൻ പദ്ധതിക്കുള്ള സംഖ്യ വേമ്പനാടൻ പദ്ധതിക്കു മുമ്പു ബഡ്ജറ്റിൽ പെടുത്തിയിരുന്നില്ലേ?

ശ്രീ. കെ. എം. കോര: അതിന്റെ ഒരു ഭാഗമേ പെടുത്തിയിരുന്നുള്ളു.

ശ്രീ. എ. താണുപിള്ള: ഈ പദ്ധതിക്കു ഈ അസംബ്ലിയുടെ സാങ്ഷൻ ഉണ്ടെന്നാണോ വിചാരിക്കേണ്ടതു?

ശ്രീ. കെ. എം. കോര: ഉണ്ടെന്നാണു വിചാരിക്കേണ്ടതു.

Sri. P. Balakrishnan Tampi: Technically speaking, Sir, is it not a fully comprehensive scheme?

Sri. K. M. Korah: Yes, exactly so.

ശ്രീ. വി. ഒ. മാക്കോസ്: ഇതിന്റെ ആകെ തുക എത്രയാണ്?

ശ്രീ. കെ. എം. കോര: 12 ലക്ഷംവരും.

ശ്രീ. വി. ഒ. മാക്കോസ്: അതിൽ എത്ര ലക്ഷം ചിലവാക്കി?

ശ്രീ. കെ. എം. കോര: ഈ സംഖ്യ റോഡിനും തോടിനുംകൂടി ഉള്ളതാണ്.

ശ്രീ. വി. ഒ. മാക്കോസ്: അതു ഇപ്പോഴുള്ള പദ്ധതിയിലാണോ?

ശ്രീ. കെ. എം. കോര: അതേ.

ശ്രീ. വി. ഒ. മാക്കോസ്: അതിന്റെ ജോലികൾ തുടങ്ങി കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: മിക്കവാറും തുടങ്ങി കഴിഞ്ഞു. ടെൻഡറുകൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

Mr. Speaker: Order, order. Question time is over.

12 Noon **WRITTEN ANSWERS**

COCHIN TOWN ALLOWANCE

*22. [30] **Sri. A. K. George:** Will the hon. Minister for Finance be pleased to state.—

(*a*) is it a fact that the Government has stopped the Town allowance prevailing in erstwhile Cochin State;

LIBRARY ARCHIVES Kerala Legislative Assembly